# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *225 — 06.11.2019-ൽ മറുപടിയ്ക്ക്.

### ക്ഷീരകർഷകരുടെ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം. രാജഗോപാലൻ<br>ശ്രീ.യു. ആർ. പ്രദീപ്<br>ശ്രീ.കെ.ഡി. പ്രസേനൻ<br>ശ്രീ.സജി ചെറിയാൻ** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ക്ഷീരകർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) പരിശോധിച്ചിട്ടുണ്ട്.<br>കാലിത്തീറ്റ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവ്, കറവക്കാരുടെ അഭാവം, വെറ്ററിനറി മരുന്നുകളുടെ വില, തീറ്റപ്പുൽ വളർത്തുന്നതിനാവശ്യമായ സ്ഥല പരിമിതി, ഇതരസംസ്ഥാനങ്ങളിൽ നിന്നും കുറഞ്ഞ വിലയ്ക്ക് പാൽ കേരളത്തിലെത്തുന്നത് മൂലം തദ്ദേശീയരായ ക്ഷീരകർഷകർ വിപണിയിൽ നേരിടുന്ന മത്സരം എന്നിവയാണ് ക്ഷീരകർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. |
| (ബി) പാലുല്പാദനത്തിന്റെ ചെലവു കൂടുന്നത് മൂലം ക്ഷീരവൃത്തിയിൽ ആദായം കുറയുന്നത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | (ബി) പാലുല്പാദന ചെലവ് കൂടുന്നത് മൂലം ക്ഷീരകർഷകരുടെ ആദായം കുറയുന്നത് പരിഹരിക്കുന്നതിനായി പ്രധാനമായും താഴെപറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്<br>a) തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ<br>b) കാലിത്തീറ്റ സബ്സിഡി<br>c) മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം<br>d) സമഗ്ര ഇൻഷുറൻസ് പദ്ധതി<br>e) കർഷകർക്ക് അവശ്യാധിഷ്ഠിത സഹായം<br>f) കറവയന്ത്രങ്ങൾ വാങ്ങുന്നതിനുള്ള സഹായം<br>g) ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ, വിവാഹധനസഹായം, മരണാനന്തരസഹായം, ചികിത്സാസഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ്, മികച്ച ക്ഷീരകർഷകർക്കുള്ള അവാർഡ് എന്നിവ കർഷകർക്ക് ലഭ്യമാക്കുന്നു.<br>കൂടാതെ ഈ വർഷം ഓഗസ്റ്റിൽ പാലിന്റെ വില്പന വില ലിറ്ററിന് 4 രൂപ വർദ്ധിപ്പിച്ചപ്പോൾ 3.35 രൂപയും കർഷകർക്ക് ലഭ്യമാകുമെന്ന് ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമേ മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ ക്ഷീരകർഷകർക്കായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (സി) | തീറ്റപ്പുൽ കൃഷിക്ക് മുൻഗണന നൽകികൊണ്ട് തരിശു ഭൂമിയിൽ സർക്കാർ ധനസഹായത്തോടെ വ്യാവസായിക അടിസ്ഥാനത്തിൽ പുൽകൃഷി നടത്തുന്നതിന് പദ്ധതിയുണ്ടോ; | (സി) | തരിശുഭൂമിയിൽ വ്യാവസായിക അടിസ്ഥാനത്തിൽ പുൽകൃഷി നടത്തുന്നതിന് പദ്ധതിയുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ഒരു ഹെക്ടർ സ്ഥലത്ത് പുൽകൃഷി ചെയ്യുന്നതിന് 93007 രൂപയുടെ സഹായം നൽകുന്നു. |
| (ഡി) | ക്ഷീര സഹകരണ സംഘത്തിൽ അളക്കുന്ന പാലിന് അർഹമായ വില ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | (ഡി) | പാലിൽ അടങ്ങിയിരിക്കുന്ന കൊഴുപ്പിന്റെയും കൊഴുപ്പിതര ഖരപദാർത്ഥങ്ങളുടെയും അളവിന്റെ അടിസ്ഥാനത്തി-ലാണ് ക്ഷീര സഹകരണ സംഘങ്ങളിൽ നിന്നും പാൽവില നൽകുന്നത്. ഇത് കർഷകരെ ബോധ്യപ്പെടുത്തുന്നതിന് പാൽ വില ചാർട്ട് എല്ലാ സംഘങ്ങളിലും പ്രദർശിപ്പിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കർഷകർക്ക് കൃത്യമായും പാലിന്റെ ഗുണനിലവാരം അനുസരിച്ച് മെച്ചപ്പെട്ട വില ഉറപ്പാക്കുന്നതിന് ഭൂരിഭാഗം സംഘങ്ങളിലും AMC (Automatic Milk Collection) യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. പാൽ വില സംബന്ധിച്ച ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ സംഘത്തിൽ അടിയന്തിരമായി പരിശോധന നടത്തി പരാതി പരിഹരിക്കുന്നതിന് സംവിധാനമുണ്ട്. ക്ഷീരസംഘങ്ങളെ പൂർണ്ണമായ ആട്ടോമേഷൻ നടത്തി സംഘങ്ങളുടെ എല്ലാത്തരം പ്രവർത്തനങ്ങളും കുറ്റമറ്റതാക്കുന്നതിനുള്ള നടപടികൾ പൂർത്തി യാക്കി വരികയാണ്. |

**സെക്ഷൻ ഓഫീസർ**